മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ടൈംസ്കെയിൽ ഉത്തരവുകൾ പുനഃപരിശോധന ചെയ്യുന്നതിനും അതിലുള്ള വൈകല്യങ്ങളും മറ്റും പരിഹരിക്കുന്നതിനു് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ആണു് പ്രധാനമായി പേകമ്മീഷനെ നിയമിച്ചിട്ടുള്ളതു്.

കൊല്ലം–എറണാകുളം റെയിൽവെ.

* 408. [40] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കൊല്ലം–എറണാകുളം റെയിൽവേയിൽ എന്നു്, ഏതു വരെ ഗതാഗതം ആരംഭിക്കുന്നു.

(ബി) ഈ റെയിൽവേയിൽ ഇലക്ട്രിക്കു് റയിൽവേ പ്ലാൻ ഉപേക്ഷിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) എറണാകുളത്തുനിന്നു് കോട്ടയം വരെ 1956 സെപ്റ്റംബർ മാസത്തിൽ ഗതാഗതം ആരംഭിക്കുവാൻ കഴിയുമെന്നാണു് റയിൽവേ അധികൃതർ ഗവണ്മെൻറിനെ അറിയിച്ചിരിക്കുന്നതു്. റെയിലും ഗർഡേർസും സമയത്തു് കിട്ടുകയാണെങ്കിൽ കോട്ടയത്തുനിന്നും കൊല്ലം വരെ 1957 മദ്ധ്യത്തിൽ ഗതാഗതം ആരംഭിക്കുവാൻ കഴിയുമെന്നും റയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ടു്;

(ബി) വിദ്യുച്ഛക്തികൊണ്ടു് ഈ റയിൽവേ ലൈനിൽ വണ്ടി ഓടിക്കുന്ന കാര്യം തത്വത്തിൽ ഇൻഡ്യാ ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടു്. എന്നാൽ തൽക്കാലം ഇതു് നടപ്പിലാക്കാൻ നിവൃത്തിയില്ലെന്നതാണു് കേന്ദ്രഗവണ്മെൻറിന്റെ നില. ഈ കാര്യം യഥാസമയം പുനരാലോചിക്കാമെന്നു് കേന്ദ്രഗവണ്മെൻറ് ഉറപ്പുനൽകിയിട്ടുണ്ടു്.

അഴിമതിക്കും കാലതാമസത്തിനും പരിഹാരം.

* 409. [41] ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

അഴിമതിക്കും കാലതാമസത്തിനും പരിഹാരത്തിനായി സെക്രട്ടറിയേറ്റിൽ പുതുതായി ഒരു സെക്ഷൻ ആരംഭിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അഴിമതിക്കും കാലതാമസത്തിനും പരിഹാരത്തിനായി 16–6–55-ൽ സെക്രട്ടറിയേറ്റിൽ ഒരു പുതിയ ഡിപ്പാർട്ടുമെൻറ് ആരംഭിച്ചുകഴിഞ്ഞു.

ബാങ്കുകൾ.

* 410. [44] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് രജിസ്റ്റർചെയ്തു പ്രവർത്തിക്കുന്ന എത്ര ബാങ്കുകളുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly